**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **15-03-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ എയ്ഡഡ് മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 26.08.2020-ലെ ഹൈക്കോടതി വിധി പ്രകാരം ജീവനക്കാരുടെ അംഗബലത്തിന്റെ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകൾ സംവരണ നിയമനത്തിന് അർഹതപ്പെട്ട ഭിന്നശേഷി വിഭാഗത്തിലെ വ്യക്തികൾക്കായി മാറ്റിവച്ച് നിയമനം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26.08.2020-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിവിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15/02/2021- ലെ സ.ഉ.(കൈ)നം.96/2021/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അർഹതപ്പെട്ട സംവരണ ഒഴിവുകൾ കണക്കാക്കുന്നതിന് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തെയും ഓരോ യൂണിറ്റ് ആയാണോ പരിഗണിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | ഈ വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. |
| (സി) | ഏതെങ്കിലും തസ്തികയിലേക്ക് യോഗ്യത നേടിയ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ലഭ്യമാകാതെ വന്നാൽ പ്രസ്തുത ഒഴിവുകൾ സ്ഥിരം നിയമനം നടത്താതെ മാറ്റിവയ്ക്കുകയും തുടർന്നു വരുന്ന വർഷങ്ങളിൽ പ്രസ്തുത വിഭാഗത്തിൽ നിന്നും യോഗ്യരായ ഉദ്യോഗാർഥികൾ ലഭ്യമായി വരുമ്പോൾ മുൻവർഷത്തെ നിയമന കുറവ് കൂടി പരിഹരിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സർക്കാർ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ